## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2878** | **17/10/2016-ൽ മറുപടിക്ക്**

## മെഡിക്കൽ റീ ഇംബേഴ്സ്മെന്റിലെ അപാകതകൾ

**ചോദ്യം**

ശ്രീ.എ.എം. ആരിഫ്

**മറുപടി**

ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പുതുതായി നൽകുന്ന ഔഷധങ്ങളുടെ പേര് നിലവിലെ ലിസ്റ്റിൽ ഇല്ലാത്തതിനാൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെയും മുൻ സാമാജികരുടെയും ചികിൽസാ ചെലവുകൾ (മെഡിക്കൽ റീഇംബേഴ്സ്മെന്റ്) തിരികെ നൽകുന്നതിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | രോഗ നിവാരണ ഔഷധങ്ങൾക്ക് മുൻകാലങ്ങളിൽ നിശ്ചയിച്ച വിലയാണ് ഇപ്പോഴും മടക്കി നൽകുന്നത് എന്നതിനാൽ ചെലവായ തുകയുടെ പാതി പോലും രോഗിക്ക് ലഭിക്കുന്നില്ലായെന്നത് പരിശോധിക്കുമോ; | (ബി) | കെ.ജി.എസ്.എം. റൂൾ 1960 പ്രകാരവും സർക്കാർ ഉത്തരവ് പ്രകാരവും അംഗീകരിച്ചിട്ടുള്ള മരുന്നുകൾക്ക് സർക്കാർ നിരക്ക് നിശ്ചയിച്ചിട്ടില്ല. ആ ഇനത്തിൽ ബില്ലനുസരിച്ച് മുഴുവൻ തുകയും നൽകാറുണ്ട്. |
| (സി) | ക്യാൻസർ അടക്കമുള്ള മാരകരോഗങ്ങൾക്ക് ഏറ്റവും പുതുതായി നൽകുന്ന ഔഷധങ്ങളുടെ പേര് നിലവിലെ ലിസ്റ്റിൽ ഇല്ലാത്തതിനാൽ എം.ആർ.എൽ ഉൾപ്പെടുന്നത് സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കാൻസർ ചികിത്സയ്ക്കുപയോഗിക്കുന്ന ചില മരുന്നുകൾ റീ-ഇംബേഴ്സ് ചെയ്യാവുന്ന മരുന്നുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാൻസർ ചികിത്സാ പ്രൊസീജറുകൾ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഇതു സംബന്ധമായി നൽകിയ 888809/16/M (PWD and R) എന്ന അപേക്ഷയിൻമേൽ എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; | (ഡി) | 14.10.2016-ൽ ആരോഗ്യ വകുപ്പിൽ ലഭിച്ച പ്രസ്തുത അപേക്ഷ പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഇ) | നിലവിലെ ലിസ്റ്റ് കാലോചിതമായി പരിഷ്കരിക്കുന്നതിനും എം.ആർ. ലെ അപാകതകൾ പരിഹരിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ സ്വീകരിക്കാനും നടപടി സ്വീകരിക്കുമോ? | (ഇ) | സ്വീകരിച്ചുവരുന്നു. ഇതിനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റുമായി ബന്ധപ്പെട്ട ഇത്തരം പ്രശ്നങ്ങൾ സമിതി പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ